**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

<table>
<tr><td>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 340</td><td>23.01.2018 ൽ മറുപടിയ്ക്ക്</td></tr>
<tr><td colspan="2">**അംഗൻവാടി ജീവനക്കാരുടെ വേതനം**</td></tr>
<tr><td>ചോദ്യം</td><td>ഉത്തരം</td></tr>
<tr><td>**ശ്രീ ജോർജ് എം. തോമസ്**</td><td>**ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**</td></tr>
<tr><td>(എ) സർക്കാർ ഉത്തരവുണ്ടായിട്ടും അംഗൻവാടികളിലെ ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം ലഭ്യമാകുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ കാരണം വിശദമാക്കുമോ;<br><br>(ബി) വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?</td><td>(എ), (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗൻവാടി ജീവനക്കാർക്ക് അംഗൻവാടികളിലെ ജോലികൾക്ക് പുറമേ ഗ്രാമസഭ, വാർഡ് സഭ, കുടുംബശ്രീയുടെ മീറ്റിംഗുകൾ എന്നിവ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വർക്കർമാർക്കും ഹെൽപ്പർമാർക്കും യഥാക്രമം 150/- രൂപയും 75/- രൂപയും സ.ഉ(എം. എസ്) നം.183/07/തസ്വഭവ, തീയതി. 24/07/2007 പ്രകാരം ഓണറേറിയം നൽകി വന്നിരുന്നു. ആയത്, 10/08/2015 ലെ സ.ഉ(സാധാ) നം. 2469/2015/തസ്വഭവ പ്രകാരം 1,000/- രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ടി ഓണറേറിയം ഐ സി ഡി എസ് സൂപ്പർവൈസർമാർ/ ശിശുവികസനപദ്ധതി ഓഫീസർമാർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊജക്റ്റ് വെച്ച് തുക മാറിനൽകി വരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വന്ന 1,000/- രൂപ ഉൾപ്പെടെയാണ് അംഗൻവാടി വർക്കർക്ക് 10,000/- രൂപയായും ഹെൽപ്പർക്ക് 7,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളത്. വർദ്ധിച്ച ഓണറേറിയത്തിന്റെ 50% തുക സാമൂഹ്യനീതി വകുപ്പ് നേരത്തെ നൽകി വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചിരുന്ന ബാക്കി 50% തുകയിൽ 1,000/- രൂപ ഒഴികെ വർദ്ധിപ്പിച്ച മുഴുവൻ ഓണറേറിയവും സാമൂഹ്യനീതി വകുപ്പിൽ നിന്നും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>അംഗൻവാടി വർക്കർക്കും ഹെല്പർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊജക്റ്റ് വെച്ച് നൽകുന്ന 1,000/- രൂപ വീതം കഴിച്ച് വർക്കർക്ക് 1,200/- രൂപയും ഹെൽപ്പർക്ക് 450/- രൂപയും എന്ന ക്രമത്തിൽ സംസ്ഥാനവിഹിതമായി 2235-02-102-55 (NP) ശീർഷകത്തിൽ അധികമായി അനുവദിച്ച തുകയിൽ നിന്നും 01/04/2017 മുതൽക്കുള്ള കുടിശ്ശിക സഹിതം മാറി നൽകുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ